# ഹാർട്ട്ഫുൾനസ്സ് പ്രസ്ഥാനം

## കമലേഷ് പട്ടേൽ

### ജൂലൈ 7, 2019, കാന്ഹാ ശാന്തി വനം, ഹൈദരാബാദ്, ഇന്ത്യ

ഇത്രയും ചെറുപ്പക്കാരെ ഇവിടെ കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അവർ ഏകദേശം അറുനൂറു എഴുനൂറു പേരുണ്ട്. എന്തായാലും ഈ ആഗോള പ്രക്ഷേപണത്തിന്റെ ഉദ്ദേശം എന്താണ്? വാസ്തവത്തിൽ ഒന്നിലധികം ഉദ്ദേശങ്ങളുണ്ട്. ഒന്നാമത്തേത് 2020ൽ എഴുപത്തഞ്ചു വർഷം പിന്നിടുന്ന ശ്രീ രാം ചന്ദ്ര മിഷന്റെ എഴുപത്തഞ്ചാം വാർഷികത്തിൽ പങ്കെടുക്കാൻ എല്ലാവരെയും ക്ഷണിക്കുക എന്നതാണ്. ഇത് മുന്നിൽക്കണ്ടുകൊണ്ട് പങ്കെടുക്കുന്നവരെ രണ്ട് ബാച്ചുകളായി തിരിച്ചിരിക്കുന്നു. ആദ്യത്തെ ബാച്ച് 2020 ജനവരി 28, 29, 30 എന്നീ തിയ്യതികളിലായിരിക്കും. രണ്ടാമത്തേത് 2020 ഫിബ്രവരി ഒന്നുമുതൽ മൂന്ന് വരെയായിരിക്കും. ഫിബ്രവരി 2 സൗര പഞ്ചാംഗ പ്രകാരം ലാലാജിയുടെ പിറന്നാളാണ്. 29 ജനുവരി ചാന്ദ്രമാന പ്രകാരം ലാലാജിയുടെ ജന്മദിനമാകുന്നു. ബാബുജി മഹാരാജ് അതിനെ ബസന്ത് പഞ്ചമി എന്ന് വിളിക്കുന്നു. പൂർണ്ണ അംഗബലത്തോടെ ഒരുപാട് ആളുകൾ പങ്കെടുക്കണം എന്ന് ഞാൻ ആശിക്കുന്നു. പ്രധാനമായും ഈ കാരണം കൊണ്ട് ഞങ്ങൾ 24 ജൂലായും 28 സെപ്റ്റംബറും നടത്താനിരുന്ന ആഘോഷങ്ങൾ റദ്ദാക്കിയിരിക്കുകയാണ്. ചെലവ് വഹിക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് പണം മിച്ചംവെച്ചു ബസന്ത് പഞ്ചമിയ്ക്കും ഫിബ്രവരി രണ്ടിനും നടക്കുന്ന ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ അവസരം ഒരുക്കുന്നതിനാണിത്.

നമ്മുടെ സ്ഥിരം അഭ്യാസികളിൽ മാത്രം ഒതുക്കാതെ ഈ സന്ദേശം യൂ കണക്ട്, സി കണക്ട് പിന്നെ മറ്റു കണക്ട് പരിപാടികളിലുള്ള അംഗങ്ങളിലേക്കും എത്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അവരെയും ക്ഷണിക്കു, അവർക്കും ഭണ്ഡാരയുടെ അനുഭവം ഉണ്ടാവട്ടെ. അവർ സംപ്രേക്ഷണം അനുഭവിച്ചിട്ടുണ്ടെങ്കിലും അവർക്ക് ഭണ്ഡാരവേളകളിലുണ്ടാവുന്ന കൃപയുടെ അനുസ്യൂതമായ പ്രവാഹത്തിന്റെ അനുഭൂതി ലഭിച്ചിട്ടില്ല. ഇത് 1999 ലേതുപോലെ നമുക്ക് പലർക്കും എന്നും അവിസ്മരണീയമായ ഒരു സംഭവമായിരിക്കും. 1999 ൽ നമ്മിൽ ചിലർ നാലു ബാച്ചുകളിലും പങ്കെടുത്തിരുന്നു. അതുകൊണ്ട് 2020 ലും ഇത് ആവർത്തിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ചില കണക്കുകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. നമുക്ക് ഇപ്പോൾ ലോകമെമ്പാടും ഏതാനും ദശലക്ഷം അഭ്യാസികൾ ഉണ്ട്,

ഹൃദയത്തിന്റെ മാർഗം അനുഭവിച്ചറിഞ്ഞവർ. മാത്രമല്ല കഴിഞ്ഞ നാലഞ്ച് വർഷങ്ങളിൽ നമ്മൾ പ്രിസെപ്റ്റർമാരുടെ എണ്ണം മൂന്നിരട്ടിയായി വർദ്ധിപ്പിച്ചു. കൂടാതെ ഹാർട്ട്ഫുൾനസ്സ് പ്രസ്ഥാനത്തിന്റെ വിജയത്തിനായി അക്ഷീണരായി പ്രവർത്തിക്കുന്ന ആയിരക്കണക്കിൻ വളന്റിയർമാർ നമുക്കുണ്ട്. ഇക്കഴിഞ്ഞ വേനലിൽ തുടങ്ങിയ ധ്യാനോത്സവങ്ങൾ (സ്വാദ്ധ്യോത്സവങ്ങൾ) ഭാരതത്തിന്റെ നാനാഭാഗങ്ങളിൽ സംഘടിപ്പിച്ചിരുന്നു. ഇരുപത്തിയഞ്ചിലധികം ധ്യാനോത്സവങ്ങൾ ഇതുവരെ നടന്നുകഴിഞ്ഞു, കൂടുതൽ വരാനിരിക്കുന്നു. 2020 ഭണ്ഡാരയ്ക്കുമുമ്പ് 100 ധ്യാനോത്സവങ്ങളിലധികം ഞാൻ നടന്നുകാണാൻ ഇച്ഛിക്കുന്നു, എന്നാൽ ഈ ധ്യാനോത്സവങ്ങൾ നഗരങ്ങളിൽ വലിയ തോതിൽ മാത്രം സംഘടിപ്പിക്കണമെന്നില്ല.

ഇതുവരെ നടത്തിയ ധ്യാനോത്സവങ്ങളിൽനിന്ന് ഞങ്ങളുടെ കണ്ടെത്തലുകൾ ഇവയാണ് . X എന്ന സ്ഥലത്തു ഒരു വേദി നിങ്ങൾക്കുണ്ടെന്നിരിക്കട്ടെ, അതിന്റെ രണ്ട് കിലോമീറ്റർ ചുറ്റളവിലുള്ള പരമാവധി ആളുകളെ ആകർഷിക്കാൻ ശ്രമിക്കു. ഈ രണ്ടോ മൂന്നോ കിലോമീറ്റർ ചുറ്റളവിനു പുറത്തുനിന്നുള്ള ആളുകളുടെ സംഖ്യ കുറയുന്നു. അതിനാൽ ആ ചുറ്റളവിലുള്ള ആളുകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും അവരെ ആകർഷിക്കുകയും ചെയ്യുന്നതാണ് ഏറ്റവും നല്ലത്. നമ്മുടെ പ്രവൃത്തി നഗരം മുഴുവൻ വ്യാപിപ്പിക്കേണ്ടതില്ല, ഉത്സവം നടക്കുന്ന വേദിയിൽനിന്ന് രണ്ടോ മൂന്നോ കിലോമീറ്ററുകൾ മാത്രം ചുറ്റളവിലുള്ള പ്രദേശം മാത്രം തിരഞ്ഞെടുക്കുക. ഇങ്ങനെ ചെയ്യുന്നത്തിൽ പല ഗുണങ്ങളുണ്ട്. പങ്കെടുക്കുന്നവരുടെ സംഖ്യ ചെറുതായിരിക്കും, അതുകൊണ്ട് ഹാളിന് ഒരു സ്റ്റേഡിയത്തിന്റെ വിസ്തൃതി ആവശ്യമില്ല. മറിച്ചു ഒരു ചെറിയ ഹാൾ ആകുമ്പോൾ മഴക്കാലത്തും ഉപയോഗിക്കാമല്ലോ. ചെലവു കുറവും നടത്തിപ്പ് എളുപ്പവും ആയിരിക്കും. അയ്യായിരമോ പത്തായിരമോ ആളുകളെ ലക്ഷ്യമിടുകയാണെങ്കിൽ കുറച്ചു വളന്റിയർമാർ മാത്രം ഉള്ള സെന്ററാണെങ്കിൽ അത് പ്രയാസമായിരിക്കും.

ഇപ്പോൾ നമ്മുടെ മിഷൻ പല പദ്ധതികൾ മുന്നോട്ട് വെച്ചിരിക്കുന്നു, ഒരുപാട് സർക്കാർ തല സംരംഭങ്ങളും ഇതിലുണ്ട്. ഉദാഹരണത്തിൻ ഗുജറാത്ത്, തെലുങ്കാന, ആന്ധ്രപ്രദേശ്, മഹാരാഷ്ട്രം എന്നീ സംസ്ഥാനങ്ങളിൽ പല സ്കൂളുകളും സർക്കാർ വകുപ്പുകളും നമ്മുടെ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചിരിക്കുന്നു. ഈ അടുത്ത കാലത്തു മുംബൈ മുനിസിപ്പൽ കോർപറേഷനിലെ ഒരു ലക്ഷം ജീവനക്കാർക്ക് പരിശീലനം നല്കുവാനുള്ള ആവശ്യം ഉന്നയിക്കപ്പെട്ടു. വെറും 500 അഭ്യാസികൾ ഉള്ളപ്പോൾ ഇതെങ്ങനെ കൈകാര്യം ചെയ്യും? ആ ദൗത്യം വളരെ ക്ലേശകരമാണ് . മഹ്ബൂബ്നഗരിൽ മാത്രം നമുക്ക് 720 സർപഞ്ചുകളെ പരിശീലിപ്പിക്കാനുള്ള ഒരു സ്ഥിതിവിശേഷം ഉണ്ടായി.

അതായത് വെറും അമ്പതോ നൂറോ പ്രിസെപ്റ്റർമാരുള്ളിടത്ത് 720 ഗ്രാമങ്ങളിൽ പരിശീലനം നല്കണം. ഇതെങ്ങനെ സാധ്യമാകും? നാം 700 പ്രിസെപ്റ്റർമാരെ മൂന്ന് ദിവസങ്ങൾ തുടർച്ചയായി നിയോഗിക്കുകയാണെങ്കിൽതന്നെ ശരാശരി 100 പുതിയ ആളുകളെ പരിശീലിപ്പിക്കുക എന്നത് ഒരു വലിയ വെല്ലുവിളിയാണ്.

അതിനാൽ കണക്ട് പരിപാടികൾ ഘട്ടം ഘട്ടമായി അവതരിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. സർക്കാർ തല പരിപാടികൾ , സ്കൂൾ കണക്ട്, യൂ കണക്ട് മുതലായ പദ്ധതികൾ സേവനസന്നദ്ധതയുള്ള തല്പരരായ അഭ്യാസികൾ വഴി പ്രചരിപ്പിക്കുവൻ ഞാൻ ആലോചിച്ചുവരികയാണ്. ഞാൻ വളന്റിയർമാരെയല്ല ഉദ്ദേശിക്കുന്നത്. ഇതൊരു മുഴുവൻ സമയ ഉദ്യോഗമായി മുന്നോട്ട് വെയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. ഇതിന്റെ സാധ്യതകളെപ്പറ്റി ഒന്ന് ചിന്തിച്ചു നോക്കു. നമുക്ക് ഭാരതമൊട്ടാകെ എഴുനൂറിലധികം ജില്ലകളുണ്ട്. അടുത്ത രണ്ട് വർഷങ്ങളിൽ ഇതിൽ മുന്നൂറ് ജില്ലകളെ മാത്രം കേന്ദ്രീകരിക്കുകയാണെങ്കിൽത്തന്നെ ഒരു വർഷം നൂറ്റിയന്പത് ജില്ലകൾ കൈകാര്യം ചെയ്യണം. ഓരോ ജില്ലയിലും ശരാശരി പത്തു മണ്ടലുകൾ. അങ്ങനെ 150 x 10 = 1500 മണ്ടലുകൾ. ഓരോ മണ്ഡലിലും രണ്ട് ജീവനക്കാർ വേണമെങ്കിൽ ഹാർട്ട്ഫുൾനസ്സ് പ്രസ്ഥാനം നോക്കിനടത്തുവാനായി 3000 ജീവനക്കാരുടെ ആവശ്യമുണ്ട്.

അപ്പോൾ ശരാശരി 20000 മുതൽ 25000 രൂപ വരെ പ്രതിമാസം ശമ്പളവും യാത്രാചെലവും ഉൾപ്പെടെ 30000 രൂപ വീതം കണക്കാക്കുകയാണെങ്കിൽ, ഇതുമൂലം അറുപതോ എഴുപതോ കോടി രൂപയുടെ ഭാരിച്ച ചെലവ് വഹിക്കേണ്ടിവരും. ഇത് നമ്മുടെ ഖജനാവിൻ അധികനാൾ താങ്ങാനാവില്ല. വലിയ തോതിൽ കമ്പനികളുടെ CSR ഫണ്ടുകൾ മുഖേന പണം സ്വരൂപിക്കുവാനുള്ള സ്വാധീനം നമുക്കില്ല. അതിനാൽ നാം നമ്മുടെ പരിമിതമായ സാമ്പത്തികശേഷിയിൽ മാത്രം ആശ്രയിക്കേണ്ടിയിരിക്കുന്നു.

എത്ര പരിമിതമായാലും അതിന് നമ്മുടെ ലക്ഷ്യം സഫലമാക്കാൻ കഴിയും. നിങ്ങളുടെ ഫോണിലുള്ള കാൽകുലേറ്റർ ഉപയോഗിച്ച് സ്വയം കണക്കാക്കി നോക്കു. 50000 അഭ്യാസികൾ വെറും 50 രൂപ പ്രതിദിനം മിച്ചംവെക്കുകയാണെങ്കിൽ ഒരു വർഷം കൊണ്ട് 912, 500, 500 (912.5 കോടി) യുടെ നിധി സമാഹരിക്കാൻ കഴിയും. നമ്മുടെ അഭ്യാസികളിൽ ചിലർക്ക് ഒരു മാസം അഞ്ചു കോടിയുടെ ചെലവ് വന്നാലും ഒന്നും സംഭവിക്കില്ല. മറിച്ചു ദിവസവും പത്തു രൂപപോലും സംഭാവന നല്കാൻ ബുദ്ധിമുട്ടുള്ള ചില അഭ്യാസികളും നമ്മളിലുണ്ട്. നമ്മളിൽ പലരും 50 രൂപ പ്രതിദിനം എന്ന സംഖ്യയോ അതിലധികമോ മാറ്റിവെയ്ക്കുകയാണെങ്കിൽ 3000 ജീവനക്കാരെ നിയമിച്ചു അവരിലൂടെ ഹാർട്ട്ഫുൾനസ്സ് പ്രസ്ഥാനം 150 ജില്ലകളിലേക്ക് എത്തിക്കുന്നതിൻ പുറമെ

ബാക്കിവരുന്ന തുകകൊണ്ട് വിവിധ ധ്യാനോത്സവങ്ങളും സ്പോൺസർ ചെയ്യുവാൻ സാധിക്കും.

ഈ ധ്യാനോത്സവങ്ങൾക്കൊക്കെ മിഷണിന് ഭാരിച്ച ചെലവ് വഹിക്കേണ്ടിവരുന്നു. ചില ധ്യാനോത്സവങ്ങൾക്ക് 25 ലക്ഷം രൂപ വരെ ചെലവായിട്ടുണ്ട്. മറ്റു ചിലതിന് 8 ലക്ഷം രൂപയുടെ ചെലവ് വന്നിട്ടുണ്ട്. ശരാശരി നോക്കുകയാണെങ്കിൽ ഒരു ധ്യാനോത്സവത്തിന് 16 ലക്ഷം മുതൽ 18 ലക്ഷം രൂപ വരെ ചെലവാകുന്നുണ്ട്. നാം 200 ധ്യാനോത്സവങ്ങൾ പ്രതിവർഷം ലക്ഷ്യമിടുന്നുണ്ടെങ്കിൽ ഈ ചെലവുകളെല്ലാം ചേർന്ന് വഹിക്കേണ്ടി വരും. ഇതിനുപുറമെ ഭണ്ഡാരകളും നടത്തേണ്ടതുണ്ട്. പിന്നെ നമ്മളെ സന്ദർശിക്കുവാനെത്തുന്ന അതിഥികളെ സൽക്കരിക്കേണ്ടതുണ്ട്. നാം ചെയ്യാനാഗ്രഹിക്കുന്ന ഒരുപാട് കാര്യങ്ങളുണ്ട് - ആയിരക്കണക്കിന് അധ്യാപകരെ പരിശീലിപ്പിക്കാൻ നാമാഗ്രഹിക്കുന്നു . അപ്പോൾ നമ്മുടെ മുന്നിൽ ഒരു നീണ്ട പാത തുറന്നുകിടക്കുന്നു. ശേഷിയും മനസ്സും ഉള്ളവരോട് പ്രതിദിനം 50 രൂപയുടെ സംഭാവന നല്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഇത് നിങ്ങൾ പണമായി തരേണ്ടതില്ല, ലോക്കൽ സെന്ററുകളിൽ പണംവഴിയുള്ള സംഭാവനകൾ കൊടുക്കുന്നത് ഞാൻ പ്രോത്സാഹിപ്പിക്കുന്നില്ല. ഈ തുക സ്വരൂപിച്ചു മാസാവസാനം 50 x 30 = 1500 രൂപ വയർ ട്രാന്സ്ഫർ മുഖേന നിങ്ങൾക്ക് നമ്മുടെ ഡൊനേഷൻ അക്കൗണ്ടുകളിൽ നിക്ഷേപിക്കാം. ഇത് എളുപ്പമാണ്. ശേഷിയുള്ളവർ ഇതിലധികം തുക സംഭാവന ചെയ്യാൻ ആഗ്രഹുക്കുന്നുണ്ടെങ്കിൽ ഞാൻ അത് അത്യന്തം സ്വാഗതം ചെയ്യുന്നു.

വാസ്തവത്തിൽ സമാനമായുള്ള ഒരു പദ്ധതി നാം US ഇൽ കുറച്ചു കാലം മുന്പ് തുടങ്ങിയിരുന്നു; വളരെ എളുപ്പമായ ഒരു ഡോളർ പ്രതിദിനം മിച്ചംവെക്കുക എന്ന പദ്ധതി. പതുക്കെ ഇത് വർദ്ധിച്ചു ഒരു മുതല്ക്കൂട്ടാകുന്നു. ഇങ്ങനെ 2000 അഭ്യാസികൾ ഉള്ള സ്ഥലത്തു ഇത് 2000 x 365 ഡോളറുകളായി ഒരു വർഷംകൊണ്ട് ഗുണീഭവിക്കുന്നു. 50000 അഭ്യാസികൾ അമ്പതു രൂപ പ്രതിദിനം മിച്ചംവെയ്ക്കുക വഴി മേല്പ്പറഞ്ഞ രീതിയിലുള്ള ധനസമാഹരണം നമുക്ക് ഇവിടെയും സാധ്യമാക്കാം. ആർക്കും ഭാരമാകാത്ത വിധത്തിൽ നമുക്ക് ഭാരതത്തിന്റെ വിവിധ കോണുകളിൽ 20 ആശ്രമങ്ങൾ അനായാസേന നിർമ്മിക്കുവാൻ സാധിക്കും. കോടികൾ സംഭാവന നല്കുന്ന ധനികരായ ആളുകളെ മാത്രം നാം ആശ്രയിക്കുമ്പോൾ എന്ത് സംഭവിക്കുന്നു? ഈ അവസ്ഥയിൽ എന്താണ് സംഭവിക്കുന്നത്? ചിന്തിച്ചു നോക്കൂ; നാം വിധേയരാവുന്നു. ഒരു വ്യക്തി 50 കോടിയോ 20 കോടിയോ നല്കുകയാണെങ്കിൽ ഈ വിധേയത്വം വളരെ ഭാരിച്ചതാകുന്നു. പകരം മിഷനിലെ ഓരോ വ്യക്തിയും സംഭാവന ചെയ്യുകയാണെങ്കിൽ അത് വളരെ ശ്രേഷ്ഠമായ കാര്യമാണ്. വീണ്ടും

ഞാൻ പറഞ്ഞുകൊള്ളട്ടെ, ഇത് നിർബന്ധിതമല്ല. ഹൃദയത്തിൽനിന്ന് വരികയാണെങ്കിൽ അതാണ് ഏറ്റവും ശ്രേഷ്ഠം. നിങ്ങൾക്ക് എന്തെങ്കിലും സംശയം കാരണം സംഭാവന നല്കുവാൻ താല്പര്യമില്ലെങ്കിൽ അതിനേക്കുറിച്ചു മിണ്ടുക പോലും ചെയ്യരുതെന്ന് ഞാൻ ആശിക്കുന്നു. ഞാൻ ഇത് ഗുരുപ്രസാദമായി മാസ്റ്റർമാർക്ക് സമർപ്പിക്കാൻ ആഗ്രഹിക്കുന്നു. ഹൃദയത്തിൽനിന്ന് വരുന്നതല്ലെങ്കിൽ ഇത് മുസമ്പി പോലെ ആയിരിക്കും. പഴുക്കാത്ത മുസമ്പിയോ മാമ്പഴമോ പുളിക്കും. താല്പര്യമില്ലാത്തവർ ഇതിൽ പങ്കുകൊള്ളേണ്ട ആവശ്യമില്ല, പങ്കെടുക്കരുത്. കുറഞ്ഞ പക്ഷം തുറന്ന ഹൃദയത്തോടെ മിഷന്റെ ക്ഷേമത്തിന് പ്രാർത്ഥിക്കുകയും അതുമൂലം ദൈവകൃപ ചൊരിയുകയും ഹാർട്ട്ഫുൾനസ്സ് പ്രസ്ഥാനത്തിന് ഗുണകരമായ വഴിത്തിരിവുണ്ടാവുകയും ചെയ്യുമെന്ന് ഉറപ്പുവരുത്തുക.

മിഷന്റെ ഭൗതിക വശത്തെ പറ്റി പരാമർശിച്ചതിന് ശേഷം ഞാൻ ഒരു ആധ്യാത്മിക വിഷയത്തെപ്പറ്റി സംസാരിക്കുവാൻ ആഗ്രഹിക്കുന്നു. അത് മാറ്റത്തെകുറിച്ചാണ്. തുടക്കത്തിൽ നമ്മളിൽ മിക്കവരും ബൃഹത്തായ പരിവർത്തനത്തിലൂടെ കടന്നു പോകുന്നു. ആദ്യത്തെ ആഴ്ചകളിൽ, ആദ്യവർഷങ്ങളിൽ നാം അത്ഭുതകരമായ പരിവർത്തനത്തിന് വിധേയരാകുന്നു. എന്നാൽ കാലക്രമേണ ഈ മാറ്റം ഈ പരിവർത്തനം മന്ദഗതിയിലാകുന്നു. എങ്ങനെയോ നാം നമ്മുടെ പഴയ ശീലങ്ങൾക്ക് അടിമകളായി തുടരുന്നു. മാറ്റമില്ലാത്ത അവസ്ഥ നമുക്ക് ശീലമാകുന്നു. എന്തുകൊണ്ടോ "ഞാൻ പുരോഗതി പ്രാപിച്ചിരിക്കുന്നു" എന്ന ആശയം നമ്മളിലുണ്ടാവുന്നു. ഇത് ഒരു പ്രതിബന്ധമാവുന്നു. നമ്മുടെ 99 ശതമാനം അഭ്യാസികളിലും ഞാൻ ഇത് കണ്ടിരിക്കുന്നു. നിങ്ങൾ എവിടെയാണ് എന്ന് സ്വയം ചിന്തിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ വിഷയം അവതരിപ്പിച്ചത്. നിങ്ങൾ ശരിക്കും നിങ്ങളുടെ ആത്മീയ വളർച്ചയിൽ സന്തുഷ്ടരാണോ? "എനിക്ക് എവിടെ തെറ്റ് പറ്റി?" എന്ന് ഒന്ന് ആത്മപരിശോധന ചെയ്യുക. ഞാൻ എവിടെയാണ് തിരുത്തേണ്ടത്? നിങ്ങൾക്ക് മാസ്റ്റർമാരിൽനിന്നും എന്ത് സഹായമാണ് വേണ്ടത്? ചില അടിസ്ഥാനപരമായ ചോദ്യങ്ങളെപ്പറ്റി ആത്മാവലോകനം ചെയ്യാം, നിങ്ങൾക്ക് മാത്രമേ ഉത്തരങ്ങൾ കണ്ടെത്താനാവുകയുള്ളു. നിങ്ങൾ ഇതിനെക്കുറിച്ചു എനിക്ക് എഴുതേണ്ടതില്ല. ഇനിയും ഒരു ദശലക്ഷം ഈമെയിലുകൾ എനിക്ക് വേണ്ട. ഇത് നിങ്ങളുടെ ആന്തരിക സംവാദമാണ്. "ഇത്രയും വർഷത്തെ ധ്യാനത്തിനുശേഷം ഞാൻ എന്റെ പുരോഗതിയിൽ സന്തുഷ്ടനാണോ?" "ഞാൻ ഇപ്പോഴും ചോദ്യങ്ങൾ ചോദിക്കുന്നുണ്ടോ?" "മിഷൻ എന്റേതാണെന്ന് എനിക്ക് തോന്നുന്നുണ്ടോ?" "നമ്മുടെ സഹോദരീസഹോദരന്മാരെ എന്റെ സ്വന്തമായി ഞാൻ കരുതുന്നുണ്ടോ?" "ഞാൻ മിഷന്റെ സ്വന്തമാണോ?" "നാമെല്ലാവരും ഈ മഹത്തായ മിഷണിന് സ്വന്തമാണോ?"

സത്യോദയം പോലെയുള്ള ലളിതങ്ങളായ ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ നാം എന്താണ് കണ്ടെത്തുന്നത്? ചില അദ്ധ്യായങ്ങളുടെ അർത്ഥം നിങ്ങൾക്ക് അഞ്ചു വർഷങ്ങൾക്കു മുമ്പ് മനസ്സിലായിരുന്നു എന്നിരിക്കട്ടെ, ഇപ്പോൾ വീണ്ടും വായിക്കുമ്പോൾ ആ അദ്ധ്യായങ്ങളുടെ യഥാർത്ഥ താത്പര്യത്തെ സംബന്ധിച്ച് കൂടുതൽ അവഗാഹം ഉണ്ടായില്ലെങ്കിൽ നിങ്ങളുടെ വളർച്ച സ്തംഭിച്ചിരിക്കുന്നു എന്ന് തിരിച്ചറിയുക. നിങ്ങൾക്ക് കൂടുതൽ ഗഹനമായ തലങ്ങളിൽ അർത്ഥം വെളിപ്പെടുന്നുണ്ടെങ്കിൽ, അത് ഹൃദയത്തിൽ വ്യത്യസ്തമായി സ്പർശിക്കുന്നെങ്കിൽ, അത് ഹൃദയത്തിൽ പുതുമയുള്ള ഒരു സ്പന്ദനം സൃഷ്ടിക്കുകയും മുമ്പുണ്ടായിരുന്നതിനേക്കാൾ പ്രഭാവം ഉളവാക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, സ്വയം ഭാഗ്യവാനായി കരുതുക. പക്ഷേ ആന്തരികമായ ഈ തിരിച്ചറിവ് ഇനിയും അധികം പ്രചോദനം ഹൃദയത്തിൽ ജനിപ്പിക്കുന്നുണ്ടോ? മിക്ക അഭ്യാസികൾക്കും '*നിരന്തരസത്യത്തി*ന്റെ അർത്ഥം ഗ്രഹിക്കാനാകുന്നില്ല - ലാലാജി മഹാരാജിന്റെ വാക്കുകൾ നാല്പ്പതു വർഷം പിന്നിട്ട അഭ്യാസികളെപ്പോലും കുഴയ്ക്കുന്നു. നിങ്ങൾക്ക് ആ പുസ്തകം ഗ്രഹിക്കാൻ ആകുന്നുണ്ടെകിൽ സ്വയം ഭാഗ്യശാലിയായി കരുതുക: "അതെ എനിക്ക് ഇത് ഗ്രഹിക്കാൻ സാധിക്കുന്നു." ഗ്രഹിക്കുന്നതിൽ എന്തെങ്കിലും അപൂർണ്ണതയുണ്ടെങ്കിൽ നിങ്ങളുടെ സാധന പുനഃപരിശോധിക്കുക. വാക്കുകൾക്കും വാചകങ്ങൾക്കും പരിമിതികളുണ്ട്, ശരിയാണ്, എന്നാൽ നാം അവ വായിക്കുമ്പോൾ അവ നമ്മുടെ ആന്തരികാവസ്ഥയെ പ്രതിഫലിപ്പിക്കുന്നു.

നമ്മുടെ ഹാർട്ട്ഫുൾനസ്സ് പ്രസ്ഥാനത്തെ ഈ മണ്ടലുകളിൽ വളരെ തീവ്രമായി എങ്ങനെ വ്യാപിപ്പിക്കാം എന്നതിനെക്കുറിച്ചു നിങ്ങളിൽനിന്ന് ആശയങ്ങൾ സ്വീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് ഞാൻ എല്ലാ സംസ്ഥാനങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നു. നമ്മുടെ സാന്നിധ്യം ആന്ധ്ര, തെലങ്കാന, തമിഴ്നാട്, കർണ്ണാടകം, മഹാരാഷ്ട്രം, മധ്യ പ്രദേശ്, ഉത്തർ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വളരെ ശക്തമാണ്. അതിനാൽ നമുക്ക് ഈ സംസ്ഥാനങ്ങളിൽനിന്ന് തുടങ്ങണം. ഓരോ മണ്ഡലങ്ങളിലാണോ നമുക്ക് സാന്നിധ്യമില്ലാത്ത സ്ഥലങ്ങളിലാണോ നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്? സാന്നിധ്യം ഉള്ള സ്ഥലങ്ങളിൽ നമ്മുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. അതുകൊണ്ട് പതിവുപോലെ നാം ആന്ധ്ര, തെലുങ്കാന, തമിഴ്നാട് എന്നിവിടങ്ങളിൽ ആരംഭിക്കും. കാരണം നമ്മുടെ അവിടത്തെ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള അംഗങ്ങളക്ക് പിന്തുണ നല്കാൻ സാധിക്കും. അവരത് ചെയ്യും.

അപ്പോൾ ചുരുക്കത്തിൽ ഇത് നിങ്ങളുടെ സഹായമഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു നിവേദനമാണ്. ഹാർട്ട്ഫുൾനസ്സ് പ്രസ്ഥാനം കൂടുതൽ തീവ്രമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. പിന്നെ ലാലാജി മഹാരാജിന്റെ

പിറന്നാളാഘോഷങ്ങൾക്ക് ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കുവാൻ മുന്നോട്ട് വരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഈ ഭണ്ഡാര രണ്ട് ബാച്ചുകളിലായിരിക്കും.

അപ്പോൾ എല്ലാവർക്കും നന്ദി; നിങ്ങളുടെ വലിയ തോതിലുള്ള സാന്നിധ്യം കാണുവാൻ സാധിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. നിങ്ങളുടെ വൻ തിരക്ക് കാരണം സൗകര്യങ്ങൾ ഒരുക്കുവാൻ നമ്മുടെ സംഘാടകർ നെട്ടോട്ടം ഓടണം. വാസ്തവത്തിൽ സ്ഥിരമായുള്ള സൗകര്യങ്ങൾ എല്ലാവർക്കും വേണ്ടി ഒരുക്കുന്ന കാലം വിദൂരമല്ല. നിങ്ങൾ വരുമ്പോൾ 30000 മുതൽ 40000 വരെ ആളുകളെ നമുക്ക് ഒരേ സമയം പാർപ്പിക്കാൻ സാധിക്കും. അപ്പോഴേക്കും നമ്മുടെ മെഡിറ്റേഷൻ ഹാളും തയ്യാറായിട്ടുണ്ടാവും. പൂജ്യ ലാലാജിയുടെ ജന്മദിനാഘോഷത്തിൻ എല്ലാം നമ്മൾ പ്രതീക്ഷിച്ച പോലെത്തന്നെ ആയിരിക്കും.

ഈ കേമമായ ഉത്സവത്തിന് ആധ്യാത്മികമായി തയ്യാറെടുക്കുക. സാധന കൂടുതൽ തീവ്രമാക്കുക. കുറച്ചു ദിവസങ്ങള്ക്കകം 90 ദിവസത്തെ ചാലഞ്ചു തീരുമെന്ന് എനിക്കുതോന്നുന്നു. ഒരുപാട് അഭ്യാസികൾ ഇതിൽ പങ്കെടുത്തിട്ടുണ്ട്. ഇതിൽ ഞാൻ വളരെ വളരെ സന്തുഷ്ടനാണ്. അവരുടെ ആധ്യാത്മിക നിലയിൽ ഞാൻ ഗണ്യമായ പരിവർത്തനം കാണുന്നു. ഇത് ഇനിയും ബലപ്പെടുകയേ ഉള്ളു. മന്ദഗതിയിൽ ആവരുത്. ഈ 90 ദിവസത്തെ വെല്ലുവിളി ഒരു ശീലം ജനിപ്പിച്ചു അത് നിരന്തരമാക്കുന്നതിനായിരുന്നു. അപ്പോൾ അത് സ്വയംപ്രേരിതമാകും. ഈ ബോധപൂർവമായ പരിശ്രമം ഉപബോധ തലത്തേക്ക് വ്യാപിക്കണം. അപ്പോൾ അത് ഒരു ശീലമാകുന്നു. ഇങ്ങനെ മറ്റൊരു ശീലം നമുക്ക് തുടങ്ങാം. ഈ ശൃംഖല തുടരുകയും നമ്മളിൽ നിരന്തരം അഭിവൃദ്ധി ഉണ്ടാവുകയും ചെയ്യുന്നു. നന്ദി.